


# ഫാസിസത്തിന്റെ തുടർച്ചകൾ

**75**ലെ അടിയന്തിരാവസ്ഥ അർദ്ധരാത്രിയിലാണ് പ്രഖ്യാപിച്ചത്!

എല്ലാവരും ഉറങ്ങിയെന്ന് ഉറപ്പ് വരുത്തിയിട്ട്. ഡൽഹിയിൽ വൈദ്യുതിയും വിച്ഛേദിച്ചിരുന്നു പിറ്റേ ദിവസം പത്രം ഇറങ്ങിയപ്പോൾ ആഭ്യന്തര അടിയന്തരാവസ്ഥയിൽ ഭാരതീയർ ഞെട്ടി വിറച്ചെന്ന് ആരും എഴുതിയതായി കണ്ടില്ല. എന്നാൽ പതുക്കെ പതുക്കെ ഭയം അരിച്ചിറങ്ങിയെന്നും പലരും അപ്രത്യക്ഷരായി കൊണ്ടിരുന്നുവെന്നും ജയിലുകൾ നിറഞ്ഞിരുന്നുവെന്നും അടിയന്തരാവസ്ഥ പിൻവലിച്ചതിനുശേഷം അറിഞ്ഞുതുടങ്ങി. ഇന്ത്യൻ യൗവ്വനം അന്ന് ജയിലായിരുന്നു. അവരിൽ മാർക്സിസ്റ്റുകാരും നക്സലൈറ്റുകളും ആർ എസ് എസുകാരും ജയപ്രകാശ് നാരായണനും സോഷ്യലിസ്റ്റുകളും സർവ്വോദയക്കാരും ഗാന്ധിയൻമാരും പരിവർത്തനവാദികളും മത–ഫണ്ടമെന്റലിസ്റ്റ് രാഷ്ട്രീയപ്രവർത്തകരും തടവറയിലായിരുന്നു. പത്രമാധ്യമങ്ങൾ പലതും പത്രാധിപക്കുറിപ്പില്ലാതെ പ്രതിഷേധിച്ച് പ്രസിദ്ധീകരിച്ചു. പലരും നാവടക്കി പണിയെടുത്തു. മലയാളത്തിലെ നക്സലൈറ്റ് പ്രസിദ്ധീകരണം കോമ്രേഡ് ഇന്ത്യൻ ഫാസിസത്തിന്റെ മുഖമൂടി തകർന്നുവീണു എന്നെഴുതി ഭരണകൂടത്തോട് കലഹിച്ചു.

അടിയന്തരാവസ്ഥ പിൻവലിച്ചതിനുശേഷമാണ് ഇന്ത്യയിൽ അന്ന് അഴിഞ്ഞാടിയ പോലീസ് നരനായാട്ടിനെക്കുറിച്ചുള്ള കഥകൾ പുറത്ത് വന്നത്. കേരളത്തിലെ കുപ്രസിദ്ധ പോലീസ് മർദ്ദന ക്യാമ്പുകളെക്കുറിച്ചും രാജൻ, വിജയൻ തുടങ്ങിയവർ അപ്രത്യക്ഷമായതും ക്രൂരമായി കൊലചെയ്യപ്പെട്ടതും അങ്ങാടിപ്പുറം ബാലകൃഷ്ണൻ ആത്മാഹൂതി ചെയ്തതുമെല്ലാം നാം അറിയുന്നത് അടിയന്തരാവസ്ഥാനന്തരം മാത്രമാണ്. പോലീസ് ക്യാമ്പുകളിൽ ചതഞ്ഞരഞ്ഞ് ജീവച്ഛവങ്ങളായ മലയാളികളെക്കുറിച്ചും ധാരാളം വാർത്തകൾ പുറത്തുവ

ന്നു. എന്നിട്ടും കേരളത്തിന്റെ പൊതുപ്രതികരണം അടിയന്തരാവസ്ഥായെ ന്യായീകരിക്കുന്ന തരത്തിലായിരുന്നില്ലെ എന്ന സംശയം ബാക്കി നിൽക്കുന്നു. കാരണം തുടർന്നുവന്ന തെരഞ്ഞെടുപ്പിൽ വിധി കോൺഗ്രസ്സിന് അനുകൂലമായിരുന്നു. ഇന്ന് കോൺഗ്രസ്സ് തന്നെ അടിയന്തരാവസ്ഥ അതിന്റെ ചരിത്രത്തിലെ തീരാക്കളങ്കമായി എന്ന് സ്വന്തം ചരിത്രപുസ്തകത്തിൽ എഴുതിവെച്ചിരിക്കുന്നു. ഈ അവസരത്തിൽ ചില ചോദ്യങ്ങളും ഉത്തരങ്ങളും നമ്മൾ പങ്കുവെക്കേണ്ടതുണ്ടെന്ന് തോന്നുന്നു.

## ചോദ്യങ്ങൾ

**1.** 36 വർഷത്തിനുശേഷം തിരിഞ്ഞുനോക്കുമ്പോൾ അടിയന്തരാവസ്ഥയെ എങ്ങനെ വിലയിരുത്തുന്നു?

**2.** കോൺഗ്രസ്സ് ഒരു ഫാസിസ്റ്റ് കക്ഷിയായിരുന്നോ? അതോ ഇന്ദിരയും ഉപജാപസംഘങ്ങളും ഹൈജാക്ക് ചെയ്ത കോൺഗ്രസ്സിന്റെ അധികാരദുര മാത്രമായിരുന്നോ അടിയന്തരാവസ്ഥ?

**3.** പിന്നീട് കോൺഗ്രസ്സിലെ ജനാധിപത്യവാദികളിൽ ഭൂരിപക്ഷം പേരും അടിയന്തരാവസ്ഥയെ തള്ളിപ്പറഞ്ഞു.കോൺഗ്രസ്സിന്റെ തന്നെ സഹജമായ (ശിവലൃലിദ) ജനാധിപത്യ വിശ്വാസമല്ലേ അടിയന്തരാവസ്ഥ പിൻവലിക്കാൻ ഇടയാക്കിയതെന്നും അന്ന് തീവ്രനക്സലൈറ്റുകളായിരുന്നവർക്കിടയിൽപ്പോലും അഭിപ്രായമുണ്ട്. ഇതിലെന്തെങ്കിലും വാസ്തവമുണ്ടോ?

**4.** രണ്ടാം സ്വാതന്ത്ര്യ സമരം തന്നെയാണ് അടിയന്തരാവസ്ഥയിൽ നടന്നതെന്നും നിരവധി പേരുടെ ത്യാഗോജ്ജ്വല സമരം കൊണ്ടുകൂടിയാണ് അടിയന്തരാവസ്ഥാ പിൻവലിച്ചതെന്നും അഭിപ്രായമുണ്ട്. ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ?

**5.** അഴിമതിയിൽ ആറാടി നിൽക്കുകയാണ് കോൺഗ്രസ്സ് ഇന്ന്. കോൺഗ്രസ്സിന്റെ ചരിത്രത്തിൽ ഇത്രമാത്രം അഴിമതിയിൽ മുങ്ങിയ കാലം ഇല്ല. ഇത്തരമൊരവസ്ഥയിൽ അടിയന്തരാവസ്ഥ പോലുള്ള എന്തെങ്കിലും കൊണ്ടുവരുവാൻ കോൺഗ്രസ്സിന് കഴിയുമോ?

**6.** ഇന്ത്യയിലെ ഇപ്പോഴത്തെ രാഷ്ട്രീയ അവസ്ഥ (മണിപ്പൂർ, കാശ്മീർ, ദന്തെവാദ, പോസ്കോ, അഴിമതി, ബിനായക്സെൻ...) ഒരു അപ്രഖ്യാപിത അടിയന്തരാവസ്ഥയ്ക്ക് തുല്യമാണെന്ന് ചിലർ കരുതുന്നു. താങ്കൾ അങ്ങനെ കരുതുന്നുണ്ടോ? എങ്കിൽ ഈ പ്രശ്നത്തെ എങ്ങനെ നേരിടും?

**7.** അടിയന്തരാവസ്ഥയിൽ തടവിലായിരുന്ന ആർ എസ് എസുകാരും മാർക്സിസ്റ്റുകളും നക്സലൈറ്റുകളും സോഷ്യലിസ്റ്റുകളും തീവ്രവലതുപക്ഷക്കാരും ഗാന്ധിയൻമാരും മതമൗലികവാദികളും പ്രതിപക്ഷലീഗുപോലുള്ള സംഘടനകളും ഒരുമിച്ചുചേർന്ന ഒരു ഐക്യമുന്നണിക്ക് അടിയന്തരാവസ്ഥാ തടവുകാരുടെ പെൻഷൻ ഉൾപ്പെടെയുള്ള അവകാശങ്ങൾക്കായി വാദിക്കാൻ കഴിയുമോ? കോൺഗ്രസ്സിന് എക്കാലത്തും ജനാധിപത്യവിശ്വാസവും താൽപര്യവും ഉണ്ടെന്ന് അവകാശപ്പെടുന്നവരാണ് ഉമ്മൻചാണ്ടി, കാർത്തികേയൻ, എ. കെ. ആന്റണി പോലുള്ള നേതാക്കൾ. ഇവർ അടിയന്തരാവസ്ഥയെ തള്ളിപ്പറയുകയും ചെയ്തു എങ്കിൽ ഇന്ന് അധികാരത്തിലിരിക്കുന്ന ഉമ്മൻചാണ്ടി സർക്കാരിന് അടിയന്തരാവസ്ഥാതടവുകാരുടെ പെൻഷൻ ഉൾപ്പെടെയുള്ള അവകാശങ്ങൾ അനുവദിക്കാൻ കഴിയുമോ? അവരെ രാഷ്ട്രീയ തടവുകാരായി അംഗീകരിക്കാമോ?

